**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3200** **07-10-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ചിറക്കര ഗ്രാമപഞ്ചായത്തിലെ ഉളിയനാട് ഗവ. ഹൈസ്കൂളിൽ സംസ്ഥാന കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ നിർവഹണച്ചുമതലയിൽ, എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അൻപത് ലക്ഷം രൂപ വിനിയോഗിച്ച് കളിസ്ഥലം നിർമ്മിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിലെ ഉളിയനാട് ഗവ. ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയ്ക്കായി കൊല്ലം ജില്ലാ കളക്ടർ 30.05.2025ലെ LSGD/JD/KLM/9924/2024-D3 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭരണാനുമതിയിൽ 2024-2025 സാമ്പത്തിക വർഷത്തെ എം. എൽ. എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതായാണ് രേഖപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി 2023-2024 സാമ്പത്തിക വർഷത്തെ എം. എൽ. എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 04.07.2025ന് ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തിയിരുന്നു. ഈ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നല്കി 30.09.2025 ൽ ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നെല്ലേറ്റിൽ ഗ്രൗണ്ട് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അറുപത് ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാന കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ നിർവഹണച്ചുമതലയിൽ നവീകരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ? | (ബി) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ നെല്ലേറ്റ് ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയ്ക്കായി 60 ലക്ഷം രൂപ എം.എൽ.എ ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച് 17.09.2025ലെ LSGD/JD/KLM/3591/2025-D3 പ്രകാരം കൊല്ലം ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കി 30.09.2025ന് ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ